**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2641** **14.02.2013-ലെ മറുപടിക്ക്**

## സ്വകാര്യ സ്വാശ്രയ കോളേജുകളുടെ പ്രവർത്തനത്തിൽ കണ്ടെത്തിയ ന്യൂനതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. ആർ. രാജേഷ്: | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ, സ്വകാര്യ സ്വാശ്രയ കോളേജുകളുടെ പ്രവർത്തനത്തിൽ കണ്ടെത്തിയ ന്യൂനതകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;<br><br>(ബി) ഈ ന്യൂനതകൾ പരിഹരിക്കപ്പെട്ടോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | (എ) & (ബി)<br>കേരള ആരോഗ്യ സർവ്വകലാശാല നടത്തിയ ഒന്നാംവർഷ പരീക്ഷാ ഫലം വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവാരം കുറഞ്ഞ കോളേജുകളിൽ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് സർവ്വകലാശാല നടത്തിയ മിന്നൽ പരിശോധനയിൽ രോഗികളുടെ എണ്ണത്തിലുള്ള ശ്രദ്ധേയമായ കുറവ് നിർദ്ദിഷ്ട അദ്ധ്യാപന പരിചയവും യോഗ്യതയുമുള്ള അദ്ധ്യാപകരുടെ കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ എന്നീ ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. മിന്നൽ പരിശോധനാ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (സി) പരിശോധനാ റിപ്പോർട്ടുകൾ ഇല്ലാതെ എം. എസ്., എം.ഡി. ഉൾപ്പെടെയുള്ള കോഴ്സുകളും അഫിലിയേഷനും അനുവദിച്ചുവെന്ന ആരോപണം അന്വേഷിക്കാൻ തയ്യാറാകുമോ ; | (സി) വേണ്ട പരിശോധനകൾ നടത്തിയതിനുശേഷമാണ് പുതിയ കോഴ് സുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നത്. അഫിലിയേഷൻ നൽകുന്നതിന് മുമ്പ് സർവ്വകലാശാല തലത്തിലും പരിശോധനകൾ നടത്തുന്നുണ്ട്. |
| (ഡി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ നിലവാരത്തകർച്ചയ്ക്കു കാരണം ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനത്തിലെ വീഴ്ചയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഇത്തരത്തിൽ ഒരാക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**